**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1030** **06-10-2021 - ൽ മറുപടിയ്ക്ക്**

**പ്രളയഭീഷണി നേരിടാൻ കൂടുതൽ അണക്കെട്ടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു.എ.ലത്തീഫ്,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ** | | **Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പ്രളയഭീഷണി നേരിടുന്നതിനായി കൂടുതൽ അണക്കെട്ടുകൾ ആവശ്യമാണെന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പാരിസ്ഥിതിക ആശങ്കകൾ പരിഹരിച്ച് പുതിയ അണക്കെട്ടുകൾ പണിയുവാൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | 2018-19ൽ ഉണ്ടായ വെള്ളപ്പൊക്കത്തിൽ കൂടുതൽ ഭീഷണി നേരിട്ട നദീതടങ്ങളിൽ, സെൻട്രൽ വാട്ടർ കമ്മീഷന്റെ (CWC) പ്രളയ റിപ്പോർട്ടിന്റെ കൂടി അടിസ്ഥാനത്തിൽ, പ്രളയനിയന്ത്രണ ഡാമുകൾ നിർമ്മിക്കുന്നതിന്റെ പ്രാഥമിക സാധ്യതാപഠനം (Hydrological Feasibility Study) നടത്തിയിട്ടുണ്ട്. |
| (സി) | നിലവിലുള്ള അണക്കെട്ടുകളിൽ പരമാവധി വെള്ളം സംഭരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (സി) | 2018-19 വർഷങ്ങളിൽ ഉണ്ടായിട്ടുള്ള പ്രളയത്തെ തുടർന്ന് ഡാമുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള ചെളി, മണൽ, എക്കൽ എന്നിവ നീക്കി അണക്കെട്ടുകളുടെ സംഭരണശേഷി പൂർവ്വസ്ഥിതിയിലാക്കുന്നതിനായുള്ള ഡീസിൽറ്റേഷൻ പ്രവൃത്തികൾ നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. മംഗലം ഡാമിന്റെ ജലസംഭരണികളിൽ അടിഞ്ഞ് കൂടിയിട്ടുള്ള മണ്ണും ചെളിയും നീക്കം ചെയ്യുന്ന പ്രവൃത്തികൾ 17/12/2020 മുതൽ നടന്നു വരുന്നു. ചുള്ളിയാർ ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തി കേരളാ ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ( KIIDC) ഏൽപ്പിക്കുകയും റീടെണ്ടറിംഗ് നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. വാളയാർ, മീൻകര ഡാമുകളുടെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ കേരളാ സ്റ്റേറ്റ് മിനറൽ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ (KEMDEL) ഏൽപ്പിക്കുകയും അപ്രകാരം ടെണ്ടറിംഗ് നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന് കീഴിലുള്ള മറ്റു ജലാശയങ്ങളിലെ ഡീസിൽറ്റേഷൻ പ്രവർത്തനങ്ങൾക്കായുള്ള വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കേരള വാട്ടർ അതോറിറ്റിക്കു കീഴിൽ വരുന്ന അരുവിക്കര ഡാമിന്റെ |

| | | | |
|---|---|---|---|
| | | | ഡീസിൽറ്റേഷൻ പ്രവർത്തികൾ ടെണ്ടർ ചെയ്യുന്നതിനാവശ്യമായ നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ